# പത്രകുറിപ്പ്

# ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ പിതാവ് പ്രൊഫ. എം എസ് സ്വാമിനാഥൻ അന്തരിച്ചു

28.09.2023

---

ലോക പ്രശസ്ത കാർഷിക ശാസ്ത്രജ്ഞനും ഹരിത വിപ്ലവത്തിന്റെ മുഖ്യശില്പിയുമായ മാങ്കൊബ് സാംബശിവൻ സ്വാമിനാഥന് അന്തരിച്ചു. 2023 സെപ്റ്റംബർ 28 ന് രാവിലെ 11.20 ന് ചെന്നൈയിലെ വസതിയിൽ വച്ചായിരുന്നു അന്ത്യം. അദ്ദേഹത്തിന് 98 വയസ്സായിരുന്നു.

ഇന്ത്യ എന്ന രാജ്യത്തിന്റെ സുസ്ഥിരമായ ഭക്ഷ്യല്പാദനം ലക്ഷ്യം വച്ചുകൊണ്ട് ഭക്ഷ്യപോക്ഷക സുരക്ഷയിൽ അധിഷ്ഠിതമായ നിത്യഹരിത വിപ്ലവം എന്ന ആശയം ഇന്ത്യയെ പഠിപ്പിക്കാന് പരിശ്രമിച്ച അദ്ദേഹം സുസ്ഥിര കൃഷിയുടെ വക്താവാണ്. അതിനായി അദ്ദേഹം എം എസ് സ്വാമിനാഥൻ ഗവേഷണ നിലയം ആരംഭിച്ചു.

ഇന്ത്യൻ കാർഷിക ഗവേഷണ കേന്ദ്രത്തിന്റെയും രാജ്യാന്തര നെല്ല് ഗവേഷണ കേന്ദ്രത്തിന്റെയും മേധാവിയായി പ്രവർത്തിച്ചിട്ടുണ്ട്. പഗ്വാഷ് കോൺഫറൻസുകളുടെ ചെയർമാനായും ലോക ഭക്ഷ്യസുരക്ഷാ സമിതിയുടെ ഉന്നതതല വിദഗ്ധ സംഘം അധ്യക്ഷനായും, ദേശിയ കാർഷിക സമിതി അധ്യക്ഷനായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇന്ത്യൻ പാർലമെന്റ് അംഗം (രാജ്യസഭ), ഇന്ത്യയുടെ ഹരിതവിപ്ലവത്തിലെ നേതൃത്വം വഹിച്ചതിന് പ്രഥമ ലോക ഭക്ഷ്യ പുരസ്കാരം പത്മവിഭൂഷൺ, രമൺ മഗ്സസെ പുരസ്കാരം ഉൾപ്പെടെ നിരവധി ദേശീയ അന്തർദേശീയ പുരസ്കാരങ്ങളും അദ്ദേഹത്തിന് ലഭിച്ചു. അദ്ദേഹത്തിന് മൂന്ന് പെൺമക്കളാണ് ഉള്ളത് സൗമ്യ സ്വാമിനാഥൻ, മധുര സ്വാമിനാഥൻ, നിത്യ റാവു. പരേതയായ മിന സ്വാമിനാഥൻ ഭാര്യയാണ്.

1925 ഓഗസ്റ്റ് മാസം 7 ന് തമിഴ്നാട് കുംഭകോണം എന്ന സ്ഥലത്തു ഡോ എം. കെ സാംബശിവന്റേയും ശ്രീമതി പാർവ്വതി തങ്കമ്മാളുടെയും മകനായി ജനിച്ച സ്വാമിനാഥൻ കുട്ടിക്കാലം മുതൽക്ക് തന്നെ കൃഷിയില് താല്പര്യം പ്രകടിപ്പിച്ചിരിന്നു. ഗാന്ധിയുടെ സന്ദേശങ്ങളും അച്ഛന്റെ സ്നേഹപൂർണമായ നിർബന്ധങ്ങളും അദ്ദേഹത്തെ കാർഷിക മേഖലയെ കുറിച്ച് കൂടുതൽ പഠിക്കാനും ഗവേഷണം ചെയ്യാനും പ്രേരിപ്പിച്ചു. രണ്ട് ഡിഗ്രികൾ സ്വായത്തമാക്കിയ സ്വാമിനാഥന് കൃഷി ശാസ്ത്രത്തിലെ ബിരുദം കോയമ്പത്തൂരിലെ തമിഴ്നാട് കാർഷിക സർവ്വകലാശാലയിൽ നിന്നായിരുന്നു നേടിയത്.

ഇന്ത്യയുടെ പല പ്രധാന മന്ത്രിമാരുമായി തോളോട് തോള് ചേർന്ന് പ്രവര്ത്തിച്ചു കൊണ്ടാണ് അദ്ദേഹം ഹരിത വിപ്ലവം സാധ്യമാക്കിയത്. നിത്യഹരിത വിപ്ലവത്തിന്റെ വക്താവായ പ്രൊഫ. സ്വാമിനാഥൻ വിശപ്പ് രഹിത ലോകം എന്ന ആശയത്തിന്റെ

അമരക്കാരനും കൂടി ആയാണ് അറിയപ്പെടുന്നത്. നൊബേൽ പുരസ്കാരം നേടിയ (1970 )വിഖ്യാത ശാസ്ത്രജ്ഞന് ഡോ നോർമൻ ബൊർലോഗുമായി ചേർന്ന് കൊണ്ട് പ്രവർത്തിക്കാന് അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

……………..

*’നമ്മുടെ പുരോഗതിയെ നിശ്ചയിക്കേണ്ടത് സമ്പർക്ക് കൂടുതൽ എത്ര കൊടുത്തു എതിൽ അല്ല മറിച്ചു കുറവുള്ളവർക്ക് എത്ര കൊടുക്കാൻ കഴിഞ്ഞു എതിലാണ്’* -

എം എസ് സ്വാമിനാഥൻ